## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7850 — 23/7/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

### സുനീഷ് കുമാറിനെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| തിരുവനന്തപുരം മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ 2001 -ൽ സുനീഷ് കുമാർ എന്ന യുവാവിനെ മർദ്ദിച്ച് കാഴ്ചശക്തി നഷ്ടപ്പെടുത്തിയ സംഭവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് G.O (Rt) No. 68/09/Home തീയതി 6.1.2009 പ്രകാരം സർക്കാർ പ്രോസിക്യൂഷന് അനുമതി നൽകി കാട്ടാക്കട ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള ക്രിമിനൽ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വിശദമാക്കുമോ? | കാട്ടാക്കട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ശ്രീ. സുനീഷ് കുമാർ എസ്.ആർ ഭവൻ, ശാന്തുമൂല, മലയിൻകീഴ് എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രൈവറ്റ് കംപ്ലയിൻറ് ആയി CC 561/10 u/s 451, 323, 324, 326, 342, 120 (B) and 34 IPC പ്രകാരം കേസ് എടുത്തിട്ടുള്ളതും ആയത് 14.9.2012 ൽ ഹിയറിംഗിനായി പോസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ കേസിൽ താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതികളാണ്.<br>1) ശ്രീ. വിനോദ് , ഇൻസ്പെക്ടർ ഓഫ് പോലീസ്, ഹ്യൂമൺ റൈറ്റ്സ് കമ്മീഷൻ.<br>2)ശ്രീ.കെ.എസ്.ശ്രീകുമാരൻ,ഡി.വൈ.എസ്.പി, നർക്കോട്ടിക് സെൽ, തിരുവനന്തപുരം.<br>3)ശ്രീ.ശശി,സി.പി.ഒ.5800, സി.ബി.സി.ഐ.ഡി, ഇ.ഒ.ഡബ്ല്യൂ<br>4)ശ്രീ. പത്മകുമാർ, ഗ്രേഡ് എ.എസ്.ഐ, തിരുവനന്തപുരം ട്രാഫിക് പോലീസ് സ്റ്റേഷൻ |

സെക്ഷൻ ഓഫീസർ